പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 292 | 10/07/2015-ൽ മറുപടിയ്ക്ക്

## ജൈവകൃഷി വ്യാപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എ. പ്രദീപ്കുമാർ<br>,, ജെയിംസ് മാത്യു | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ജൈവകൃഷി വ്യാപനത്തിന് എത്ര തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ; | എ) ഈ സർക്കാർ 2011-ൽ അധികാരത്തിൽ വന്നതിനുശേഷം ജൈവ കൃഷി വ്യാപനത്തിന് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.<br>2011-12 450 ലക്ഷം രൂപ<br>2012-13 519.25 ലക്ഷം രൂപ<br>2013-14 990 ലക്ഷം രൂപ<br>2014-15 850 ലക്ഷം രൂപ<br><br>ചുവടെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്<br>2011-12 450 ലക്ഷം രൂപ<br>2012-13 279.48 ലക്ഷം രൂപ<br>2013-14 830.85 ലക്ഷം രൂപ<br>2014-15 337.00 ലക്ഷം രൂപ |
| ബി) സർക്കാർ നടപടികളിലൂടെ ജൈവകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | ബി) ഉണ്ട്.<br>2012-13 മുതൽ കൃഷി ഡിപ്പാർട്ട്മെന്റ് വഴി നടപ്പിലാക്കി വരുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് പച്ചക്കറി വികസന പദ്ധതി. |

വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിച്ച് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ജൈവ കീടരോഗ നിയന്ത്രണ മാർഗ്ഗത്തിന് പ്രാമുഖ്യം നല്കിക്കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഒരു പ്രധാന ഘടകമായ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി കൂടുതലും ജൈവരീതിയിലാണ് ചെയ്യുന്നത്. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും ജൈവകൃഷി രീതിയെ മുൻ നിർത്തിയാണ് നടപ്പിലാക്കി വരുന്നത്. **മേൽ** പദ്ധതി പ്രകാരം ജൈവ കൃഷി രീതിയിലുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ സാധിച്ചതായി വിലയിരുത്തിയിട്ടുണ്ട്. ജൈവ പച്ചക്കറി കൃഷിക്കാവശ്യമായ വിത്ത്, ഗ്രോബാഗ് മുതലായവ വിതരണം ചെയ്ത് വീട്ടുവളപ്പിലും മട്ടുപ്പാവിലുമുള്ള ജൈവാധിഷ്ഠിതമായ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2012 വർഷത്തിൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തി ജൈവ കൃഷി നടപ്പിലാക്കുന്നതിന് ജൈവ കൃഷി ക്ലസ്റ്റർ സമീപനം സ്വീകരിച്ചു കൊണ്ടാണ് കാസർഗോഡ് ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നത്. ഓരോ കൃഷി ഭവനിലും 100 മുതൽ 115 ഹെക്ടർ വരെ വിസ്തൃതിയുള്ള ക്ലസ്റ്ററുകൾ രൂപീകരിച്ച് ബോധവത്ക്കരണം നടത്തി ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കുന്നു.

കൂടാതെ റ്റൂറൽ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ് എന്നിവ വഴി ജൈവ വളങ്ങളുടെ നിർമ്മാണം, കുരുമുളക് കൃഷി, കന്നുകാലി പരിപാലനം, ഇടവിള

കൃഷി, സമ്മിശ്ര കൃഷി, നേന്ത്രവാഴ കൃഷി ജൈവ കീടനാശിനിയായ "നന്മ"യുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യ വളർത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കുന്നു. ക്ലസ്റ്ററുകൾ അടിസ്ഥാനമാക്കി ഏകദേശം 6000 ഹെക്ടർ പ്രദേശത്ത് ജൈവ കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

സി) ജൈവകൃഷി ജനകീയമാക്കുന്നതിന് സിപിഐ(എം) മുൻകൈയെടുത്ത് രൂപം നൽകിയ പദ്ധതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഡി) എങ്കിൽ നിലവിലുള്ള ജൈവകൃഷി വ്യാപന പദ്ധതിയിൽ ഇത്തരം ജനകീയ ഇടപെടലുകളെ കൂടി ഉൾപ്പെടുത്താൻ മുൻകൈയെടുക്കുമോ?

ഡി) ജൈവ കൃഷി നയത്തിന്റെ ഭാഗമായി ഘട്ടംഘട്ടമായി സംസ്ഥാനത്ത് ജൈവ കൃഷി ജനകീയമായി നടപ്പിലാക്കുന്നതിന് വേണ്ടി സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം എന്ന പദ്ധതി 2014-15 വർഷം ആരംഭിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും എം.എൽ.എമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കൃഷി അനുബന്ധമേഖലാ വകുപ്പുകൾ എന്നിവരുടെ യോഗങ്ങൾ നടത്തുകയുണ്ടായി. ഓരോ നിയോജക മണ്ഡലങ്ങൾക്കും അനുയോജ്യമായ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**